# അക്കാദമിക് മാസ്ററർ പ്ലാൻ

# 2025-26

## ഗവ എൽ പി സ്കൂൾ ഏലൂർ

### എറണാകുളം ജില്ല

# PROFILE

| | |
|---|---|
| Name of school | Govt L P School Eloor |
| Date of Establishment | 1905 |
| School code No | 25246 |
| Name of village | Eloor |
| Name of cluster | Kuttikattukara |
| Name of Municipality | Eloor |
| Name of Block | Alangad |
| Name of Revenue District | Ernakulam |
| Name of Taluk | Paravur |
| Name of HM | Siby Augustine |
| Mobile No | 9746995808 |
| Email ID | glpseloor@gmail.com |
| Phone No | 04842547977 |
| Name of Sub District | Aluva |
| Name of District | Aluva |
| Name of State | Kerala |

# ആമുഖം

പെരിയാറിന്റെ തീരത്ത് ഒരു കൊച്ചു ഗ്രാമം ഏലൂർ എന്ന പേരായ കൊച്ചു ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി അക്ഷര ദാഹികളായ അനേകായിരങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കാൻ ഒരു സർക്കാർ സ്കൂൾ വന്നു സമീപപ്രദേശങ്ങളിൽ മറ്റു വിദ്യാലയങ്ങൾ ഇല്ലാതിരിക്കെ നാടിന്റെ വിജ്ഞാന ദാഹികൾക്ക് ഏക ആശ്രയമായി മാറി ഈ സർക്കാർ വിദ്യാലയം. ആദ്യകാലത്ത് ഓല കെട്ടിടമായിരുന്ന ഈ വിദ്യാലയത്തിൽ അന്ന് വിദ്യാർത്ഥികളുടെ ആധിക്യത്താൽ ഷിഫ്റ്റ് സമ്പ്രദായമാണ് നിലനിന്നിരുന്നത്. കാലക്രമേണ FACT യുടെ വരവോടെ വ്യവസായ നഗരമായി മാറി. സമീപപ്രദേശങ്ങളിൽ മറ്റു വിദ്യാലയങ്ങൾ വന്നതോടുകൂടി ഇവിടെ വിദ്യാർഥികളുടെ എണ്ണത്തിൽ കുറവ് വരാൻ തുടങ്ങി. അടച്ചുപൂട്ടൽ ഭീഷണി വരെ എത്തിച്ചേർന്ന അവസ്ഥയിൽ നിന്നും പിന്നീട് പിടിഎയുടെയും അധ്യാപകരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പരിശ്രമത്തിൽ ഒരു പുത്തനുണർവ് കൈവരിച്ചു. LKG മുതൽ 5 വരെയുള്ള ക്ലാസുകളിലായി ഇന്ന് 148 കുട്ടികൾ പഠിക്കുന്നു ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഒരു PTCM ഉം ഉണ്ട്. പ്രീ പ്രൈമറിയിൽ 2 അധ്യാപകരും ആയയും സേവനം ചെയ്യുന്നു ഹിന്ദി അധ്യാപകയുടെ സേവനവുമുണ്ട്.

ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഒരു കുക്കുണ്ട്.ഇലക്കറികളും പച്ചക്കറികളും പയർ വർഗ്ഗങ്ങളും ഉൾപ്പെടുത്തിയ പോഷക സമൃദ്ധമായ ഉച്ചഭക്ഷണമാണ് നൽകുന്നത് ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ടുദിവസം പാലും നൽകുന്നു. കൂടാതെ വിശേഷ ദിവസങ്ങളിൽ വിഭവസമൃദ്ധമായ സദ്യയും നൽകുന്നുണ്ട് ഇവയ്ക്ക് പുറമേ പ്രഭാതഭക്ഷണവും നൽകിവരുന്നു.

ഭിന്നശേഷിക്കാരായ വിദ്യാർഥികളും അന്യസംസ്ഥാന വിദ്യാർഥികളും ഇവിടെ പഠിക്കുന്നു. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി ആഴ്ചയിൽ രണ്ടുദിവസം ബിആർസിയിൽ നിന്നും ഒരു അധ്യാപകയുടെ സേവനവുമുണ്ട്. അന്യസംസ്ഥാന വിദ്യാർത്ഥികളെയും പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്. 15 വർഷത്തിലേറെയായി ഇവിടെ എല്ലാ കുട്ടികളെയും യോഗ പരിശീലിപ്പിക്കുന്നു.

വാർഷിക പ്രവർത്തന കലണ്ടർ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. PTA, MPTA, SMC, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവ സജീവമാണ്. വിവിധ ദിനാചരണങ്ങൾ സമകാലീന പ്രാധാന്യത്തോടെ ഉചിതമായി

നടത്തിവരുന്നു. വിവിധ ക്ലബ്ബുകൾ, എല്ലാ മാസവുമുള്ള ജന്മദിനാഘോഷം, ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭവനത്തിൽ അവരോടൊപ്പം ഉള്ള ക്രിസ്മസ് ആഘോഷം എന്നിവ ചില പ്രവർത്തനങ്ങളാണ്. കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കുന്നതിന് രണ്ട് സ്കൂൾ ബസ്സുകൾ ഉണ്ട്.

2022 ജൂലൈ 1 ന് ഹെഡ്മാസ്റ്ററായി സിബി അഗസ്റ്റിൻ ചാർജെടുത്തതോടെയും, കേരള സർക്കാരിന്റെയും, ബഹു: എംഎൽഎയും കേരള വ്യവസായ വാണിജ്യ നിയമ കയർ വകുപ്പ് മന്ത്രിയുമായ ശ്രീ. പി. രാജീവിന്റെയും, ഏലൂർ നഗരസഭ ചെയർമാൻ ശ്രീ എ.ഡി. സുജിലിന്റെയും, ശക്തമായ പിന്തുണയുടെയും ഫലമായി അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങളിൽ വളരെയധികം മാറ്റം വന്നു. മികച്ച കെട്ടിടങ്ങൾ, ഹാൾ, ഫർണിച്ചറുകൾ, ടൈലിട്ട പാതകൾ, പാർക്ക്, കമാനം എന്നിവ വന്നതോടെ സ്കൂളിന്റെ മുഖച്ഛായ വളരെ മനോഹരമായി മാറി. ചിട്ടയായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തിവരുന്നു. വിവിധ മത്സര പരീക്ഷകൾ, കലാ കായിക പ്രവർത്തിപരിചയം മത്സരങ്ങൾ, പഠനയാത്രകൾ വാർഷികാഘോഷം എന്നിവ കൃത്യനിഷ്ഠതയോടെ മികച്ച രീതിയിൽ നടക്കുന്നു. കൂട്ടായ പ്രവർത്തനങ്ങളിലൂടെ മുന്നേറുന്ന ഈ വിദ്യാലയം ഈ നാടിന്റെ കെടാവിളക്ക് ആയിരിക്കും.

# നേട്ടങ്ങൾ

1 .നഗരസഭയിലെ മികച്ച ഹരിത വിദ്യാലയം എന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞു

2 .വർഷം പ്രതി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ്

3 .മികച്ച ക്ലാസ് മുറികൾ ഓഡിറ്റോറിയം

4 .ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലെ കുട്ടികൾക്കുള്ള യോഗ പരിശീലനം മൂലം കുട്ടികളുടെ
. പഠന പുരോഗതിയും ഏകാഗ്രതയും അച്ചടക്കവും എന്നിവയിൽ പ്രകടമാകുന്ന ഉയർച്ച

5 .നവീനകളി ഉപകരണങ്ങൾ സ്ഥാപിച്ച നവീകരിച്ച പാർക്ക്

6 .ഒന്നാം ക്ലാസ് മുതൽ ഉത്തരേന്ത്യൻ കുട്ടികളെ പരിഗണിച്ചു കൊണ്ടുള്ള ഹിന്ദി ഭാഷാ
. പരിചയം

7 . IREL,FACT തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തുന്ന വിവിധ നിർമ്മാണങ്ങളും സൗകര്യങ്ങളും .

8 .സർക്കാർ മുനിസിപ്പൽ തലങ്ങളിൽ നിന്നും പരമാവധി പ്രയോജനങ്ങൾ നേടിയെടുക്കുന്നു.

9 .ഏലൂരിൽ നിന്നും മാത്രമല്ല അയൽ പഞ്ചായത്തുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ വരവ്.

10 .2 സ്കൂൾ ബസ്സുകളുടെ ലഭ്യത .

11 .മികച്ച ലൈബ്രറി പ്രവർത്തനം ,സ്കൂൾ പ്രവർത്തനങ്ങളിൽ ശക്തിയായി നിൽക്കുന്നു.

12 .കൃത്യതയോടെ നടക്കുന്ന പ്രഭാതഭക്ഷണ, ഉച്ചഭക്ഷണ പരിപാടികൾ

13 .PTA അംഗങ്ങൾക്ക് കുടുംബസമേതം ഉള്ള ഉല്ലാസയാത്ര .

14 .അഞ്ചാം ക്ലാസിൽ പഠനം പൂർത്തിയാക്കിയ ശേഷം വിദ്യാർത്ഥികൾക്ക് സൗജന്യ ഉല്ലാസയാത്ര .

15 .കരാട്ടെ ചെസ്സ് പരിശീലനം.

16 .അറബി ഭാഷാ പഠനം.

# പരിമിതികൾ

1 .6 ,7 ക്ലാസുകളുടെ അഭാവം.

2 .ആധുനിക വിദ്യാഭ്യാസ രീതിക്ക് അനുയോജ്യമായ ലാപ്ടോപ്പുകൾ, പ്രോജക്ടുകൾ ,സ്മാർട്ട് ബോർഡുകൾ എന്നിവയുടെ അപര്യാപ്തത .

3 .കുട്ടികളുടെ എണ്ണം വർധിച്ചത് കൊണ്ടുള്ള ഫർണിച്ചറുകളുടെ പോരായ്മ .

4 .കായിക പരിശീലനം .

5 .കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ് .

6 . റോഷനി പ്രോജക്ട് .

7 .പാചകപ്പുരയുടെ നവീകരണം.

8 .ഡൈനിങ് ഹാൾ.

## പരിമിതികൾ മറികടക്കാനുള്ള നിർദ്ദേശങ്ങൾ

1 .വ്യവസായശാലകളാൽ ചുറ്റപ്പെട്ട പ്രദേശം, പരിമിതമായ യാത്ര സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ സുരക്ഷിതത്വം, നഗരസഭയിലെ തുടർ പഠന സൗകര്യക്കുറവ് എന്നിവ പരിഗണിച്ച് സർക്കാർ വകുപ്പ് തലങ്ങൾ ഏകോപിച്ച് 6 ,7 ക്ലാസുകൾ അനുവദിക്കുക.

2 .എല്ലാ ക്ലാസ് മുറികളും ലാപ്ടോപ്പ് ,LED ബോർഡ് ,പ്രൊജക്ടർ എന്നിവ ഒരുക്കുക.

3 .Communicative ഇംഗ്ലീഷ് കോച്ചിങ്ങിന് അധ്യാപികയുടെ സേവനം ലഭ്യമാക്കുക.

4 . മികച്ച പാചകപ്പുര ഡൈനിങ് ഹാൾ എന്നിവ നിർമ്മിക്കുക.

5 .കുട്ടികളുടെ കായികമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിന് കായിക അധ്യാപകന്റെ സേവനം ലഭ്യമാക്കുക .

6 .കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ശിശു സൗഹൃദ ഫർണിച്ചറുകൾ.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യങ്ങൾ

| | |
|---|---|
| രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം, ഗുണമേന്മയുള്ള പഠന സഹായികൾ, ഓരോ ക്ലാസിലെയും കുട്ടികൾ നേടേണ്ട ശേഷികൾ വ്യക്തമായി പ്രദർശിപ്പിക്കൽ അവയുള്ള പ്ലാനിങ്. | വ്യക്തിവികാസം,വിദ്യാഭ്യാസ നേട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. |
| സ്കൂൾതല പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ,വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തൽ. | വിദ്യാർത്ഥികളുടെ ഭൗതിക സാഹചര്യങ്ങൾ, മാനസിക ആരോഗ്യം ,പഠനമികവ് ,പഠന പിന്നോക്ക അവസ്ഥ ,എന്നിവ മനസ്സിലാക്കുന്നതിന് ഹൗസ് വിസിറ്റ്. |
| കുട്ടികളുടെ പഠന മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ, അതിനായി വിവിധ സമിതികൾ രൂപീകരിക്കൽ പഠന പിന്നോക്കാവസ്ഥ. | വിഷയാടിസ്ഥാനത്തിൽ വിവിധ സമിതികൾ രൂപീകരിച്ച് പഠന മികവുകൾ രേഖപ്പെടുത്തുക. |
| പഠനോത്സവത്തിന്റെ നടത്തിപ്പ് ,ഓരോ ക്ലാസിന്റെയും പഠന ലക്ഷ്യങ്ങൾ വ്യക്തതയോടെ കാണിക്കുക, നേട്ടങ്ങൾ പ്രദർശിപ്പിക്കുക, സമഗ്ര പ്രൊഫൈലിൽ അനുഭവങ്ങളും നേട്ടങ്ങളും രേഖപ്പെടുത്തുക, പഠനോത്സവം ഒരു സോഷ്യൽ ഓഡിറ്റ് എന്ന രീതിയിൽ നടത്തുക. | പഠന ലക്ഷ്യങ്ങൾ,പഠനം നേട്ടങ്ങളുടെ ഉൽപ്പന്നങ്ങൾ ,എന്നിവ സോഷ്യൽ ഓഡിറ്റിംഗ് എന്ന രീതിയിൽ പഠനോത്സവം നടത്തൽ ,സമഗ്ര പ്രൊഫൈലിൽ രേഖപ്പെടുത്തൽ. |
| ഡിജിറ്റൽ ഇടപെടലുകൾ സ്കൂൾ ബ്ലോക്ക് സ്കൂൾ വിക്കി എന്നിവയിൽ വിവരങ്ങൾ രേഖപ്പെടുത്തുക, സോഷ്യൽ മീഡിയ ഏജൻസികൾ വഴി കുട്ടികളുടെ മികച്ച പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കൽ ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുട്ടികളുടെ വിവിധ നേട്ടങ്ങൾ സാമൂഹ്യവൽക്കരിക്കൽ, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് നൽകേണ്ടതായ പിന്തുണ സംവിധാനങ്ങൾ. | സ്കൂൾ ബ്ലോഗ് ,സ്കൂൾ വിക്കി, സോഷ്യൽ മീഡിയ ഏജൻസികൾ, എന്നിവ വഴി കുട്ടികളുടെ മികവുകൾ സമൂഹത്തിലേക്ക് എത്തിക്കുക, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാവിധ പിന്തുണകളും ഈ പ്രവർത്തനങ്ങളിൽ എല്ലാം പങ്കാളിത്തവും |
| വിലയിരുത്തൽ തുടർ പ്രവർത്തനങ്ങൾ ,മൂല്യനിർണയം മികച്ച രീതിയിൽ നടത്തുക, കൃത്യമായ ആസൂത്രണത്തോടെ സമയക്രമം പാലിച്ചിക്ലാസ് PTA നടത്തുക ,തുടർച്ചയായ | ഒരു കുട്ടിയുടെയും വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുക ,കൃത്യമായ ക്ലാസ് പിടിഎ നടത്തിപ്പ്, 2024 25 വാർഷിക മൂല്യനിർണയത്തിന്റെ |

| | |
|---|---|
| പിന്തുണ പ്രവർത്തനങ്ങൾ നടത്തുക. | അടിസ്ഥാനത്തിൽ,പരിഹാര പ്രവർത്തനങ്ങൾ അവയുടെ തുടർച്ച. |
| ആധുനിക മൂല്യനിർണയ രീതികൾ ഓപ്പൺ ബുക്ക് എക്സാമുകൾ, സ്വയം പൂർത്തിയാക്കുന്ന പ്രോജക്ടുകൾ ,ഗൂഗിൾ ഫോമുകൾ വീട്ടിലിരുന്ന് എഴുതാവുന്ന പരീക്ഷകൾ ,എന്നിവയുടെ ആസൂത്രണവും നടപ്പിലാക്കലും. | പരീക്ഷണ അടിസ്ഥാനത്തിൽ ഓപ്പൺ ബുക്ക് എക്സാമുകൾ, സ്വയം പൂർത്തിയാക്കുന്ന പ്രോജക്ടുകൾ, ഗൂഗിൾ ഫോമുകൾ ,വീട്ടിലിരുന്ന് എഴുതാവുന്ന പരീക്ഷകൾ എന്നിവ നടപ്പിലാക്കുന്നു. |
| സമഗ്ര പ്ലസ് ,സഹിതം എന്നീ പോർട്ടലുകളുടെ ഫലപ്രദമായ ഉപയോഗം. | അധ്യാപകർക്ക് ആവശ്യമായ വിഭവങ്ങൾ സമഗ്രയിൽ നിന്ന് ശേഖരിക്കുന്നതിനും ,സഹിതം കുട്ടികളുടെ ഓരോ കലാസൃഷ്ടിയും അവരുടെ പ്രൊഫൈൽ രൂപീകരിക്കുന്നതിന്. |

## മേഖല-അക്കാദമികം

## ഉപമേഖല-മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1.അടിസ്ഥാന ഭാഷാശേഷി വികസനം<br><br>2.വയനാ പരിപോഷണം.<br><br>3 .എഴുത്ത് പരിപോഷിക്കൽ<br>4 അറിവ് ഡോക്യുമെന്ററിലൂടെ ഐസിടി | പാട്ടുകൾ, കഥകൾ, അക്ഷര കാർഡുകൾ ,വായന കാർഡുകൾ. പുസ്തക ശേഖരണം, വായനാ കളരി, ക്ലാസ് ലൈബ്രറി. വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, കുഞ്ഞെഴുത്ത്, സംയുക്ത ഡയറി.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ഭാഗങ്ങൾ പ്രദർശിപ്പിക്കാൻ, സംഘടിപ്പിക്കാൻ. | 1-5 | 2025-26 | അധ്യാപകർ | അധ്യാപകർ, പിടിഎ ,എസ ആർ ജി. |

## മേഖല-അക്കാദമികം

## ഉപമേഖല-English

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ<br>2 .ഇംഗ്ലീഷ് അക്ഷരമാല പരിചയപ്പെടുന്നതിന്<br>3 .ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ.<br>4 .തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | കാർട്ടൂൺ പ്രദർശനം<br>ആൽഫബെറ്റ് ഫെസ്റ്റിവൽ<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി തയ്യാറാക്കൽ (SKIT,DRAMA ,CONVERSATION,STORY TELLING.)<br>നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറി ആയിട്ട് എഴുതുന്നു. | 1-5 | 2025-26 | അധ്യാപകർ | അധ്യാപകർ, പിടിഎ ,എസ ആർ ജി. |

| | | | | | |
|---|---|---|---|---|---|
| | | | | | |

## മേഖല-അക്കാദമികം

## ഉപമേഖല-പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 .ആഹാര ശീലങ്ങളും ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതയും തിരിച്ചറിയലും<br>2 .പ്രകൃതിയെ അറിയുന്നതിന് ആസ്വദിക്കുന്നതിന്<br>3 .ശാസ്ത്ര അവബോധം വളർത്തുക | ഭക്ഷ്യമേള പ്രദർശനം,പച്ച ക്കറിത്തോട്ട നിർമ്മാണം<br>പ്രകൃതി നടത്തം<br>കണ്ടെത്താൻ അറിയാം ലഘുപരീക്ഷണ ങ്ങൾ കുറിപ്പുകൾ. | 1-5 | 2025-26 | അധ്യാപകർ | അധ്യാപകർ, പിടിഎ ,എസ ആർ ജി. |

## മേഖല-അക്കാദമികം

## ഉപമേഖല-ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 ഗണിത നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം രസകരമാക്കാൻ<br>2 .ജാമിതീയ സൗന്ദര്യം തിരിച്ചറിയുന്നത്<br>3.ഗണിത ലാബ്, ഗണിത മേള | കുസൃതി കണക്കുകൾ ഗണിത പസിലുകൾ<br>ഒറിഗാമി ശില്പശാല<br>പ്രശ്നോത്തരി, പസിൽ പാറ്റേൺ | 1-5 | 2025-26 | അധ്യാപകർ | അധ്യാപകർ, പിടിഎ ,എസ ആർ ജി. |

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

**ക്ലാസുകളിൽ ബഡ്ഡി സംവിധാനം ഏർപ്പെടുത്തൽ ക്ലാസ് പ്രവർത്തനങ്ങളിൽ ഭിന്നശേഷിക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട്ഉൾച്ചേർന്ന വിദ്യാഭ്യാസം ഏർപ്പെടുത്തുന്നു.**

**അന്യസംസ്ഥാന കുട്ടികൾക്ക് ബഡീസ് സംവിധാനം പ്രയോജനപ്പെടുത്തുന്നു.**